LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, തീർച്ചയായും. കൺവെർട്ടഡ് ക്രിസ്ത്യൻ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇപ്പോൾ അത് നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നൊരു കോർപ്പറേഷനാണ്. ഗവൺമെന്റ് കൊടുക്കുന്ന ഗ്രാന്റ് മാത്രം ഉപയോഗിച്ച് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ ലോണെടുത്തതും കൊടുത്തതുമായ കണക്കുകൾപോലും കൃത്യമായി ലഭ്യമല്ലാത്ത സ്ഥിതി നേരത്തെ ഉണ്ടായിരുന്നു. അത് കുറച്ചൊക്കെ റഗുലറൈസ് ചെയ്തിട്ടുണ്ട്. കൺവെർട്ടഡ് ക്രിസ്ത്യൻ കോർപ്പറേഷൻ കൂടുതൽ മെച്ചപ്പെടുത്തിക്കൊണ്ട് ഈ വിഭാഗത്തെ കൂടുതൽ സഹായിക്കാൻ വേണ്ടിയുള്ള ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് അറിയിക്കുകയാണ്.

## IV സബ്മിഷൻ

### (1) പൈതൃക ടൂറിസത്തിൽ പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രം ഉൾപ്പെടുത്തൽ

ശ്രീ. കെ. വി. സുമേഷ്: സർ, കണ്ണൂരിലെ വളരെ പ്രധാനപ്പെട്ട ഒരു ക്ഷേത്രമാണ് പള്ളിക്കുന്നിലെ ശ്രീമൂകാംബിക ക്ഷേത്രം. വിശ്വാസികൾ അതിനെ 'ദക്ഷിണ മൂകാംബിക' എന്നാണ് വിളിക്കുന്നത്. ഏതാണ്ട് 15,000 മുതൽ 25000 വരെ കുരുന്നു കുട്ടികൾ ആദ്യാക്ഷരം എഴുതാൻ വരുന്നൊരു കേന്ദ്രം കൂടിയാണ് പള്ളിക്കുന്നിലെ മൂകാംബിക ക്ഷേത്രം. പൈതൃക ടൂറിസം പദ്ധതിയുടെ ഭാഗമായി ഈ ക്ഷേത്രത്തെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നേരത്തെ ഒരു നിവേദനം നൽകിയിരുന്നു. അത് പരിഗണിക്കാമെന്ന് സർക്കാർ മറുപടി നൽകിയതായി അതിന്റെ ഭാരവാഹികൾ പറയുകയും ചെയ്തിരുന്നു. ഒട്ടേറെ വിശ്വാസികൾ വരുന്ന വളരെ പ്രധാനപ്പെട്ട പൈതൃകമുള്ള ക്ഷേത്രമാണിത്. അതുകൊണ്ട് ആ ക്ഷേത്രത്തെ തലശ്ശേരി പൈതൃകം ടൂറിസം പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയുമോയെന്ന കാര്യമാണ് സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. വി. സുമേഷ് ഉന്നയിച്ച വിഷയം പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രത്തിൽ ഓഡിറ്റോറിയം ഉൾപ്പെടെയുള്ള നവീകരണ പ്രവർത്തനങ്ങൾ നടത്തണമെന്ന ആവശ്യമാണ്. നൂറ് കണക്കിന് വിശ്വാസികൾ ദൈനംദിനം വരുന്ന ആരാധനാലയങ്ങൾ നമ്മുടെ നാട്ടിൽ നിരവധിയുണ്ട്. അവയെ ടൂറിസവുമായി ബന്ധപ്പെടുത്തി അതിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. പിൽഗ്രിം ടൂറിസത്തിന്റെ പ്രത്യേകതയെന്നത് ഒരു തവണ വന്നവർ തൊട്ടടുത്ത വർഷവും വരുന്നൊരു രീതിയുണ്ട്. അതുകൊണ്ട് ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിക്കും. മറ്റ് ടൂറിസം ഡെസ്റ്റിനേഷനുകളിൽനിന്ന് വ്യത്യസ്തമാണ് പിൽഗ്രിം ടൂറിസത്തിന്റെ

സാധ്യതകൾ. എല്ലാവർഷവും വരുന്ന സാധ്യതയാണിത്. പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രത്തിൽ സരസ്വതി മണ്ഡപമുൾപ്പെടെയുള്ള ഓഡിറ്റോറിയം നിർമ്മാണമാണ് ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി M/s. Space Art എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിക്കൊണ്ട് അതിന്റെ വിശദമായ പ്രൊപ്പോസൽ തയ്യാറാക്കാൻ നിശ്ചയിച്ചിട്ടുണ്ട്. ഈ പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതുപോലെ, തലശ്ശേരി പൈതൃക നഗര പദ്ധതിയിലോ അല്ലെങ്കിൽ പിൽഗ്രിം ടൂറിസം പദ്ധതിയിലോ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## (2) ദുരന്ത നിവാരണ വകുപ്പിന്റെ ഉത്തരവ്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ദുരന്ത നിവാരണ വകുപ്പിന്റെ 4-8-2021-ലെ ജി.ഒ.(ആർ.ടി.)നമ്പർ 564/2021/ഡി.എം.ഡി. ഉത്തരവ് ഭരണഘടന ഉറപ്പുനൽകുന്ന സഞ്ചാര സ്വാതന്ത്ര്യവും ജീവിക്കാനുള്ള അവകാശവും ഹനിക്കുന്നതാണ്. സർക്കാരിന്റെ പുതിയ ഉത്തരവനുസരിച്ച് ഒരു ഡോസ് വാക്സിനെങ്കിലും സ്വീകരിച്ച് രണ്ടാഴ്ച പൂർത്തീകരിച്ചവർക്കാണ് കടകളിൽ പോകാൻ അനുവാദമുള്ളത്. അല്ലാത്തവർ ആർ.ടി.പി.സി.ആർ. ടെസ്റ്റ് ഫലം 72 മണിക്കൂറിനുള്ളിൽ എടുത്തത് കൈവശം കരുതണം. സംസ്ഥാനത്താകെ വാക്സിൻ 41.72 ശതമാനം പേർക്കാണ് ലഭിച്ചിട്ടുള്ളത്. രണ്ട് ഡോസും ലഭിച്ചത് 17.48 ശതമാനവുമാണ്. സർക്കാരിന്റെ പുതിയ ഉത്തരവുപ്രകാരം 58 ശതമാനത്തിലധികം പേരും ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തി നെഗറ്റീവ് സർട്ടിഫിക്കറ്റും സംഘടിപ്പിച്ചുകൊണ്ടുവേണം ഇനി കടകളിൽ കയറാൻ. 72 മണിക്കൂറിനുള്ളിലെ ടെസ്റ്റ് ഫലമെന്ന് പറയുമ്പോൾ, തുടർച്ചയായി കടകളിൽ പോകേണ്ടിവരുന്നവർ സർക്കാരിന്റെ ഈ നിബന്ധനയനുസരിച്ച് നിരന്തരം ആർ.ടി.പി.സി.ആർ. ടെസ്റ്റിന് വിധേയരാകണമെന്നുള്ളതാണ്. വാക്സിൻ എടുത്തവർക്കും ആർ.ടി.പി.സി.ആർ. ടെസ്റ്റ് നടത്തി നെഗറ്റീവ് സർട്ടിഫിക്കറ്റുള്ളവർക്കും മാത്രമെ വീടിനുപുറത്തുപോയി ജോലി ചെയ്യാവൂ എന്ന ഉത്തരവ് നിലനിൽക്കുന്നതല്ല. മിസോറാമിലും മേഘാലയയിലും ഇപ്രകാരം ഇറക്കിയ രണ്ട് ഉത്തരവുകൾ ഗുവാഹട്ടി ഹൈക്കോടതിയും മേഘാലയ ഹൈക്കോടതിയും റദ്ദാക്കിയിട്ടുണ്ട്. ഭരണഘടന ഉറപ്പുനൽകുന്ന തുല്യത, ജോലി ചെയ്യാനുള്ള അവകാശം, ജീവിക്കാനുള്ള അവകാശം എന്നിവയുടെ ലംഘനമാണിതെന്ന് ഈ ഹൈക്കോടതികൾ നിരീക്ഷിച്ചിട്ടുണ്ട്. വാക്സിനേറ്റഡ്, നോൺ വാക്സിനേറ്റഡ് എന്നീ രീതിയിൽ പൗരസമൂഹത്തെ വിഭജിക്കുന്നതിനെ കോടതി വിമർശിച്ചു. ജീവിക്കാനുള്ള അവകാശത്തിന്മേലുള്ള കടന്നുകയറ്റമായി മേഘാലയ ഹൈക്കോടതി ഡിവിഷൻ ബഞ്ച് പ്രസ്തുത ഉത്തരവിനെ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഗുവാഹട്ടി ഹൈക്കോടതി ജസ്റ്റിസുമാരായ Justice

LIBRARY ARCHIVES Kerala Legislative Assembly